LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗം ഗുരുതരമായാൽ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നു. ചികിത്സാമാർഗ്ഗരേഖ തയ്യാറാക്കി വിവിധ ആശുപത്രികളിൽ ലഭ്യമാക്കി രോഗം വരുന്നവരെ മുൻകൂട്ടി കണ്ടുപിടിക്കുവാൻ രോഗനിരീക്ഷണം കാര്യക്ഷമമാക്കി. ബഹു. മുഖ്യമന്ത്രിയുടെയും ആരോഗ്യ മന്ത്രിയുടെയും പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തി. ആവശ്യത്തിനു ഫണ്ട് ലഭ്യമാക്കി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വനം വകുപ്പ്, പട്ടികവർഗ്ഗക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യവകുപ്പ് തുടങ്ങിയവ ഒത്തുചേർന്ന് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദിവാസികൾക്കും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം, വാക്സിനേഷൻ തുടങ്ങിയവ ഊർജ്ജിതമായി നടത്തിവരുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുവഴി രോഗം പരത്തുന്ന ടിക്കുകളുടെ നിരീക്ഷണവും നിയന്ത്രണവും നടത്തിവരുന്നു. സംസ്ഥാന ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് രോഗം നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്.

(ബി) ചെള്ളുപനി, രോഗ നിരീക്ഷണം ജില്ലകളിൽ കാര്യക്ഷമമാക്കി. ഈ രോഗത്തിന്റെ ചികിത്സാ മാർഗ്ഗരേഖ തയ്യാറാക്കി ആശുപത്രികളിൽ ലഭ്യമാക്കി. രോഗം സ്ഥിരീകരിക്കാനുള്ള കിറ്റുകൾ 27 സെന്റിനൽ ഹോസ്പിറ്റൽ ലാബുകളിൽ (സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, ജില്ലാ റീജിയണൽ ആശുപത്രി ലാബുകൾ, മെഡിക്കൽ കോളേജ്, മൈക്രോ ബയോളജി ലാബുകൾ) ലഭ്യമാക്കി. ഈ രോഗത്തിന്റെ ചികിത്സയ്ക്കുള്ള മരുന്നുകൾ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ലഭ്യമാണ്. ഈ രോഗം പരത്തുന്ന പ്രത്യേക തരം 'മൈറ്റുകളെ' നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും വേണ്ട പ്രവർത്തനങ്ങൾ, രോഗംകണ്ടുവരുന്ന പ്രദേശങ്ങളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾവഴി നടത്തുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ കുറ്റിച്ചെടികൾ നീക്കംചെയ്യൽ, ശുചീകരണം, കീടനാശിനി തളിക്കൽ, ഫോഗിംഗ് തുടങ്ങിയവ നടത്തിവരുന്നു. 'മൈറ്റുകൾ' എലികളുടെ ശരീരത്തിലും കാണപ്പെടും എന്നതിനാൽ എലിനശീകരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

ക്യാൻസർ, ഡയബറ്റിക് രോഗികൾക്ക് ചികിത്സാ സൗജന്യങ്ങൾ

91 (756) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്യാൻസർ, പ്രമേഹം മുതലായ രോഗങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗചികിത്സയ്ക്കുള്ള മരുന്നുകൾ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും താഴ്ന്നനിരക്കിൽ കൊടുക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത അസുഖങ്ങളുടെ ലാബ് ടെസ്റ്റിംഗ് നിരക്ക് കൂടുതലാകയാൽ ഇവ സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ താഴ്ന്നനിരക്കിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീജിയണൽ ക്യാൻസർ സെന്ററിന്റെ ഫാർമസിയിൽനിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ എം.ആർ.പി. (MRP) യെക്കാൾ 20 മുതൽ 50 ശതമാനംവരെ വിലകുറച്ചാണ് രോഗികൾക്ക് നൽകുന്നത്. ഇതുകൂടാതെ സർക്കാരിന്റെ വിവിധ പദ്ധതികൾവഴി ആർ.സി.സി.യിൽ ലഭ്യമായ മരുന്നുകൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

പ്രമേഹം, രക്താതിസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗത്തിനുള്ള ഏതാനും മരുന്നുകൾ എന്നിവ ആരോഗ്യവകുപ്പിന്റെ വാർഷിക ഇൻഡന്റിൽ ഉൾപ്പെടുത്തി പ്രാഥമിക ആരോഗ്യതലംവരെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ജീവിത ശൈലീ രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുവരുന്നു. ക്യാൻസർ രോഗത്തിനായി കീമോതെറാപ്പി മരുന്നുകൾ വാങ്ങുന്നതിന് എല്ലാവർഷവും ക്യാൻസർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകൾക്ക് ഫണ്ട് അനുവദിക്കാറുണ്ട്. ഇതിന് പുറമെ സുകൃതം പദ്ധതിയിലൂടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ രോഗികൾക്കും ക്യാൻസർ ചികിത്സയ്ക്കുള്ള ചികിത്സ സൗജന്യമാക്കിയിട്ടുണ്ട്. സാധാരണക്കാരായ ജനങ്ങൾക്ക് RSBY, കാരുണ്യ, ആർ.ബി.എസ്.കെ./ആരോഗ്യകേരളം തുടങ്ങിയ പദ്ധതികളിലൂടെ ചികിത്സയും മരുന്നും സൗജന്യമാക്കിയിട്ടുണ്ട്.

(സി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ലാബുകളിൽ മിക്കവാറും എല്ലാം തന്നെ സൗജന്യ പരിശോധനയാണ് നടത്തുന്നത്. എന്നാൽ എച്ച്.ഡി.എസ്., എ.സി.ആർ. തുടങ്ങിയ ലാബുകളിൽ താഴ്ന്നനിരക്കിൽ ഫീസ് ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly